
BLUE MOON
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
2019-23 ബാച്ച്
ജി എച്ച് എസ് കുറുമ്പാല

# സന്ദേശം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ് മുറികളെല്ലാംഹൈടെക്ക് ക്ലാസ് മുറികളായി മാറുകയാണല്ലോ.മാറുന്ന വിദ്യാഭ്യാസ രീതിക്കനുസരിച്ച് സ്കൂൾ അന്തരീക്ഷവും പഠനരീതികളെല്ലാം മാറേണ്ടതുണ്ട് പുതിയ പാഠ്യപദ്ധതി രീതിയിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി സേനക്ക് ഒരുപാട് കർത്തവ്യങ്ങൾ സ്കൂളിൽ നിറവേറ്റതായിട്ടുണ്ട്.

ഐ.ടി മേഖലയിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ഒരു കൂട്ടം കുട്ടികളുടെ ഐ.ടി കൂട്ടായിമയാണ് "ലിറ്റിൽ കൈറ്റ്സ്" എന്ന് ഞാൻ മനസ്സിലാക്കുന്നു തീർച്ചയായും കുറുമ്പാല ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ഈ മേഖലയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

ഹൈടെക്ക്ക്ലാസ്മുറികളിലെഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും ക്ലാസ് മുറികളിലെ ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം നിലനിർത്തുന്നതിലും ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് കഴിയുന്നതാണ്.

ഭാവിയിൽ കാര്യക്ഷമമായും കൃത്യനിഷ്ഠതയോടും കൂടി സ്കൂളിൽ നല്ല രീതിയിൽ ഐ.ടി പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ ഈ യൂണിറ്റിന് കഴിയട്ടെ.

എല്ലാവിധ ആശംസകളും നേർന്ന് കൊണ്ട്.........

അബ്ദുൽ റഷീദ്. കെ
ഹെഡ്മാസ്റ്റർ
ജി.എച്ച്.എസ്.കുറുമ്പാല

# EDITORIAL BOARD MEMBERS

## CHIEF EDITOR



അബ്ദുൾ റഷീദ് കെ (ഹെഡ്മാസ്റ്റർ)

## STAFF EDITORS



സത്യൻ മാസ്റ്റർ
(സീനിയർ അസിസ്റ്റൻറ്)



ഗോപിദാസ് മാസ്റ്റർ
(സ്റ്റാഫ് സെക്രട്ടറി)



ഹാരിസ് മാസ്റ്റർ
(ലിറ്റിൽ കൈറ്റ് മാസ്റ്റർ)



അനില ടീച്ചർ
(ലിറ്റിൽ കൈറ്റ് മിസ്ട്രസ്)

## STUDENT EDITORS



മാജിദ സുൽത്താന



ഫാത്തിമ ഫാരിസ



മുഹമ്മദ് ഷാഹിദ് പി എം



ഫാത്തിമ നിഹാല



നജ ഫാത്തിമ



മുഹമ്മദ് അമീൻ

# ആമുഖം

കോവിഡ്-19 നെ അതിജീവിച്ചുകൊണ്ട് നാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണല്ലോ. ഈ മഹാമാരി കഴിഞ്ഞ രണ്ട് അധ്യായന വർഷ കാലത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി.പഠനനാനുഭവങ്ങൾ കുട്ടികൾക്ക് നേരിട്ട് ലഭിക്കാൻ കഴിഞ്ഞില്ല.എങ്കിലും ഓൺലൈൻ സങ്കേതങ്ങളിലൂടെ ഈ പരിമിതി ഏറെക്കുറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ സർഗാത്മക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന ധാരാളം പ്രവർത്തനങ്ങൾ ഈ ഓൺലൈൻ പഠനകാലത്തും നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്.

കുറുമ്പാല ഗവൺമെൻറ് ഹൈസ്കൂളിലെ 2020-23 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ പരിമിതമായ സമയത്തിനുള്ളിലാണ് ഈ മാഗസിന് ഒരുക്കിയത്.മേന്മകൾ ഒന്നും അവകാശപ്പെടുന്നില്ല. പോരായ്മകൾ ധാരാളമുണ്ടാകും.കൂടുതൽ സ്്യഷ്ടികൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിൽ നിന്നുള്ള സർഗാത്മക ചിന്തകൾ കോർത്തിണക്കി തയ്യാറാക്കിയ e മാഗസിൽ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.

മാജിദ സുൽത്താന
സ്റ്റുഡെൻറ് എഡിറ്റർ



# താളുകളിൽ.........


........................................3
EDITORIAL BOARD MEMBERS........................................3
ആമുഖം........................................4
........................................6
ജി എച്ച് എസ് കുറുമ്പാല........................................7
........................................7
........................................8
വിജയകുതിപ്പിൽ ജി.എച്ച്.എസ് കുറുമ്പാല........................................9
........................................9
........................................9
........................................10
........................................10
അതി ജീവിച്ചു നാം കാലങ്ങളോളം........................................11
അതി ജീവിച്ചു നാം കാലങ്ങളോളം........................................11
മാജിദ സുൽത്താന........................................11
പ്റളയം........................................12
മനസ്സ്........................................13
ഫാത്തിമ നിഹാല........................................14
നമ്മൾ........................................15
ഷഫ്ന ഷെറിൻ കെ........................................15
കലാലയം -........................................16
മൃതിയടഞ്ഞ കിനാക്കൾ........................................16
✍ഫിദ ഫാത്തിമ. ടി........................................16
കോവിഡ് കാലം........................................17
നാജിയ ഫാത്തിമ........................................17
ജീവചരിത്രകുറുപ്പ്........................................18
ശ്രീമതി സുഗതകുമാരി ടീച്ചർ........................................18
ഫിദ ഫാത്തിമ കെ കെ........................................18
ചിലത്........................................18
നസ്‌ല ഫാത്തിമ........................................18
ഒരു ഇടവേളക്ക് ശേഷം ........................................20
ഫാത്തിമത്തുൻ നാജിയ........................................20
........................................20
എന്റെ കോവിഡ് കാലം........................................21
അസറുദ്ധീൻ സി കെ........................................21
മുഹമ്മദ് അനസ് എം എ........................................21
ഒ എൻ വി കുറുപ്പ്........................................22
ലഘു കുറിപ്പ്........................................22
മുഫീദ ഷെറിൻ വി........................................22
കുഞ്ഞുണ്ണി മാഷ്........................................24
ജീവചരിത്ര കുറിപ്പ്........................................24
കവിതകൾ........................................25
പുള്ളി പൂമ്പാറ്റ........................................25
രണ്ടക്ഷരം........................................25
താളുകളിലൂടെ ........................................26

# ജി എച്ച് എസ് കുറുമ്പാല..........



പഴശ്ശിരാജാവ് കുറുമ്പാലക്കോട്ടയിൽ ഭരണത്തിലായിരിയ്ക്കുമ്പോൾ ഭരണ സൗകര്യത്തിന് ഓരോ തറയായി ദേശങ്ങളെ തിരിച്ചു.തെക്ക് ഭാഗത്തെ ദേശം തെക്കും തറയെന്നും പടിഞ്ഞാറ് ഭാഗത്തെ പടിഞ്ഞാറത്തറയെന്നും കോട്ട നിൽക്കുന്ന ഭാഗം കോട്ടത്തറയെന്നും കുപ്പാടി അമ്പലം സ്ഥിതി ചെയ്യുന്നയിടം കുപ്പാടിത്തറയെന്നും അറിയപ്പെട്ടു. ഇന്നത്തെ പടിഞ്ഞാറത്തറ ഉൾക്കൊള്ളുന്ന ഭാഗം ഒരു കാലത്ത് കുറുമ്പാല അംശം എന്നായിരുന്നു അറിയപ്പെട്ടത്.ഇവിടെ ഒരു ഭഗവതി ക്ഷേത്രം ഉണ്ടായിരുന്നു.ഭഗവതിയുടെ പര്യായമായ '"കുറുമ്പ'എന്ന പേരാണ് ഈ ദേശത്തിന് കുറുമ്പാല എന്ന പേര് കൊടുത്തതത്രേ.

നൂറിന്റെ നിറവിൽ നിലകൊള്ളുന്ന നമ്മുടെ വിദ്യാലയം 1911 ൽ സ്ഥാപിതമായി.

മലബാർ ഡിസ്പിക്ട് ബോർഡിൽ അധ്യാപകനായി നിയോഗിക്കപ്പെട്ട ശ്രീ കെ.ചാപ്പൻ അടിയോടി വയനാട്ടിൽ എത്തുകയും വിദ്യാലയ സാധ്യതകൾ അന്വേഷിച്ച് കുറുമ്പാലയിൽ ശ്രീ എം. പി.രാഘവമാരാരെ സമീപിക്കുകയും ചെയ്യതോടെ കുറുമ്പാല എന്ന ഈ പ്രദേശം അക്ഷര ഭൂപടത്തിൽ നെടുങ്കായം നേടുകയായിരുന്നു. അദ്ദേഹം അനുവദിച്ച സ്ഥലത്ത് ആരംഭിച്ച വിദ്യാലയം അക്ഷരാർത്ഥത്തിൽ തന്നെ ഒരു ജനതയുടെ വിദ്യാസമ്പന്നതയിൽ പ്രഥമസ്ഥാനം നേടി. ഈ സ്ഥാപനം പിൽക്കാലത്ത് സർക്കാർ ഉടമസ്ഥതയിൽ വരുകയും നിരവധി ഗുരുശ്രേഷ്ഠൻമാരാൽ അനുഗ്ര ഹീതമാവുകയും ചെയ്യു.

1981 അപ്പർ പ്രൈമറിയായി ഉയർത്തിയതോടെ വിദ്യാഭ്യാസം സുഖ്പ്രദമായി. തുടർന്ന് വാടക കെട്ടിടത്തിൽ നിന്നും മാറി സ്വന്തമായി ഭൂമി ലഭ്യമായതോടെ ഭൗതിക സാകര്യങ്ങളുടെ കാര്യത്തിൽ അടിമുടി മാറ്റമുണ്ടായി.ഇപ്പോൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2013 ൽ സെക്കന്ററി സ്ക്കുളായി അപ്ഗ്രേഡ് ചെയ്യു. 2016 ൽ ആദ്യ പത്താംക്ലാസ്സ് പരീക്ഷ എഴുതി.ഈ വിദ്യാലയം ഇന്ന് ജില്ലയിലെ മികച്ച സമ്പൂർണ്ണ ഹൈടെക് ഹൈസ്ക്കുളായി മികച്ച നിലവാരത്തോടെപ്രവർത്തിക്കുന്നു.

പ്രീപ്രൈമറി മുതൽ പത്താം ക്ലാസ് വരെ ക്ലാസുകളിൽ 17 ഡിവിഷനുകളിലായി അഞ്ഞൂറോളം കുട്ടികൾ പഠനം നടത്തുന്നുണ്ട്.

അർപ്പണമനോഭാവത്തോടെ ആത്മാർത്ഥതയോടെ നിലകൊള്ളുന്ന അധ്യാപകരുംഅവർക്ക് മികച്ച പിന്തുണ നൽകുന്ന പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി അംഗങ്ങളും നമുക്ക് മുതൽക്കൂട്ടായുണ്ട്. മികച്ച ഭൗതിക സാഹചര്യങ്ങൾ ഇന്ന് വിദ്യാലയത്തിനുണ്ട്. പരിമിതികളേടും പരാധീനതകളോടും പോരാടി ഇന്നത്തെ സ്ഥിതിയിലേക്ക് സധൈര്യം നയിച്ച പൂർവിക ഗുരുവര്യന്മാരെ നന്ദിപൂർവ്വം നമുക്ക് ഈ വേളയിൽ ഓർക്കാം.



# വിജയകുതിപ്പിൽ ജി.എച്ച്.എസ് കുറുമ്പാല



ഒരു നൂറ്റാണ്ടിലേറെകാലമായി പതിനായിരക്കണക്കിന് അക്ഷര പ്രേമികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയ ഈ വിദ്യാലയം ഇന്ന് ജില്ലയിലെ മികച്ച സമ്പൂർണ്ണ ഹൈടെക് ഹൈസ്കൂളായി മികച്ച നിലവാരത്തോടെ പ്രവർത്തിക്കുന്നു. കുറുമ്പാലയുടെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയുടെ നാഴികകല്ലായ നമ്മുടെ വിദ്യാലയം സാമൂഹിക പ്രതിബദ്ധതയുള്ള നിരവധി പ്രതിഭകളെ വാർത്തെടുക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട് .പാഠ്യ-പാഠ്യേതര രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കനത്ത നാശം വിതച്ചെത്തിയ കോവിഡ് 19 എന്ന മഹാമാരി ഏകദേശം രണ്ട് വർഷക്കാലത്തെ നമ്മുടെ സ്വാഭാവിക പഠന പ്രവർത്തനങ്ങളെ കാര്യമായി തന്നെ ബാധിച്ചെങ്കിലും ആദ്യം ഓൺലൈൻ മുഖേനയും പിന്നീട് ക്ലാസ് മുറികളിലൂടെയും പഠന വിടവുകൾ നികത്തി അക്കാദമിക രംഗം സജീവമാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനൽ പ്രക്ഷേപണം ചെയ്ത ഓൺലൈൻ ക്ലാസുകളുടെ ലിങ്കുകൾ സമയാസമയം ക്ലാസ് ഗ്രൂപ്പിലൂടെ നൽകുകയും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകൾക്ക് അധ്യാപകർ പിന്തുണ ക്ലാസുകളും നൽകിയിട്ടുണ്ട്. കൃത്യമായി ടൈംടേബിൾ നേരത്തെ നൽകി എല്ലാ വിഷയങ്ങളും കിട്ടത്തക്ക രൂപത്തിൽ മാതൃകാപരമായി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്, പോസ്റ്റർ രചന, കഥാരചന, ഉപന്യാസരചന,... തുടങ്ങിയ മത്സരങ്ങളും ഓൺലൈൻ വഴി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫസ്റ്റ് ക്ലാസുകൾ കാണുന്നതിനു സാങ്കേതിക സാഹചര്യം ഇല്ലാത്തവർക്ക് വിവിധ ഇടങ്ങളിലും സ്കൂളിലും ഒരുക്കിയ പഠന കേന്ദ്രങ്ങളിൽ ആവശ്യമായ സേവനം നൽകുകയും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്കായി ഏകദേശം മുക്കാൽ ലക്ഷത്തോളം രൂപ മുടക്കി അധ്യാപകർ തന്നെ മൊബൈൽ ഫോണുകൾ വാങ്ങി നൽകിയിരുന്നു. ഏകദേശം 34 പട്ടികവർഗ കുട്ടികൾക്ക് സർക്കാരിൻറെ വിദ്യാകിരണം പദ്ധതിയിലൂടെ ലഭിച്ച ലാപ്ടോപുകൾ നൽകുകയും ഒപ്പം പരിശീലനവും നൽകുകയും ചെയ്തിട്ടുണ്ട്. 2019-22,2020-23 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രാക്ടിക്കൽ പരിശീലനങ്ങളും, 2019-22 ബാച്ചിൻെറ ഗ്രൂപ്പ് - വ്യക്തിഗത അസൈൻമെൻറുകളും കോവിഡ് പ്രോട്ടോകോൾ പാലിച്ച് വിവിധ ബാച്ചുകളിലായി നടത്തിയിട്ടുണ്ട്.



# അതി ജീവിച്ചു നാം കാലങ്ങളോളം



മാജിദ സുൽത്താന

ചുറ്റും മിടിപ്പില്ലാത്ത

ലോകമാണ്

മൂകമാകുന്ന

പരിസരങ്ങൾ

എനിക്ക് തീരെ  വയ്യായിരുന്നു ഇനിയും

കാൽ നീളെ

പുതച്ചുറങ്ങാൻ

ആത്മാവില്ലാത്ത

സ്വപ്നങ്ങളിൽ

പ്രേതങ്ങളെ കണ്ട്

നിലവിളിക്കാൻ..

എന്ത് ചെയ്യാം

കാലുകളിൽ ചങ്ങല ചുറ്റി

കാലുകൾ കുറുകി വെച്ചുറങ്ങുക തന്നെ....

അലസമയോടിക്കളിച്ച

മറ്റുള്ളവരെ കൊല

ചെയ്യാനെന്റെ മനം

മുതിരുന്നില്ല..

ഞാനിരുന്ന വീട്ടിൽ  നിങ്ങളും ഇരുന്നു

മറുനാടൻ വിശേഷങ്ങളിൽ

ഉയരുന്ന ശവപ്പറമ്പുകൾ

ആകാതിരിക്കാൻ നാം കാത്തു നമ്മുടെ

കേരളത്തെ....

# പ്റളയം

മനസ്സിന്റെയുള്ളിൽ മനക്കോട്ട പണിത്
അധ്വാനിച്ചുണ്ടാക്കിയൊരു ആ വീട്
പ്രകൃതിതൻ കോപത്തിൽ ഒരു നിമിഷം കൊണ്ടു തകർന്നൊലിച്ചു പോയൊരാ നല്ല വീട്..
വീടില്ല സ്ഥലമില്ല പാർക്കാനൊരിടമില്ല
തെണ്ടിത്തിരിഞ്ഞു വലഞ്ഞവരും
ശത്രുക്കളായുള്ളൊരാ മനുഷ്യർക്കൊപ്പം
അന്തിയുറങ്ങിയ ആ ദിനങ്ങൾ...
പണമില്ലാ സാധുവായിയുള്ള മനുഷ്യരെ
പരിഹാസം കൊണ്ട് വലച്ചവനും
പ്രകൃതി തൻ കോപത്തിന്റെ മുൻപിൽ തല കുനിച്ച് തേങ്ങികരഞ്ഞൊരാ ദിനങ്ങൾ...
ജാതിമതഭേദ വ്യത്യാസമില്ലാതെ ഒന്നിച്ചു പാർത്തൊരാ പോയ കാലം..
പണമില്ല ഉണിയില്ല കഴിക്കാൻ ഭക്ഷണമില്ല
കണ്ണീരൊഴുക്കിക്കഴിഞ്ഞവരും
മറക്കില്ല ഞാനും മരണം വരെയും
കഴിഞ്ഞു പോയൊരാ ദുരിതദിനത്തെ..
രാജ്യദ്രോഹികളായി കഴിയുന്നവർക്കെല്ലാം
ദൈവം തന്നൊരാ ശിക്ഷദിനത്തെ..

# മനസ്സ്

വൈകുന്നേരത്തെ ബസ്സിൽ കവലയിൽ ഇറങ്ങി വീട്ടിലേക്കുള്ള വഴിയിലേക്ക് തിരിഞ്ഞപ്പോൾ മെമ്പർ തിരക്കിട്ട് നടന്ന് വരുന്നു ...

മുറിബീഡിയും ആഞ്ഞുവലിച്ച് എന്നോടൊരു ചോദ്യം നീയിപ്പവരുന്നേയുള്ളൂ?

അതെ എന്തുപറ്റി ? ഞാൻ തിരിച്ചു ചോദിച്ചു "ഹേയ് ഒന്നുല്ല വേഗം വീട്ടിലേക്ക് ചെല്ല് "എന്നും പറഞ്ഞ് പുള്ളിയങ്ങ് പോയി .

ഹെ എന്തായിരിക്കും മൂപ്പരങ്ങനെ പറയാൻ കാരണം? സ്വയം ചോദിച്ച് കൊണ്ട് വീട് ലക്ഷ്യമാക്കി നടന്നു.കുറച്ച് മുന്നോട്ട് പോയതേയുള്ളൂ അബ്ദുവും വിനുവും ഭാസ് കരേട്ടനും എതിരേ നടന്ന് വരുന്നു ...

അടുത്തെത്തിയപ്പോൾ അവരും ചോദിച്ചു "സുകു നീയെന്താ വൈകിയേ എന്ന് "

ഞാൻ വൈകാനോ ? എന്നും ഈ സമയത്താണല്ലോ ഞാൻ വരാറ് ഇവരെന്താ ഇങ്ങനെയൊക്കെ ചോദിക്കുന്നത്?

മനസ്സിലെവിടെയോ പേടിയുടെ ചെറിയ ലാഞ്ചന ...

വല്ല അത്യാഹിതവും ? നൂറുകൂട്ടം ചിന്തകൾ മനസ്സിലേക്കിരമ്പിയാർത്തു നടത്തം അൽപം വേഗത്തിലാക്കി ...

പിന്നെയും പലരും ഇടവഴിയിൽ എതിരേ വന്നു കൊണ്ടിരുന്നു സാമ്യമുള്ള ചോദ്യങ്ങളുമായി ചോദ്യങ്ങൾ എന്നെ വീണ്ടും വീണ്ടും ഭയപ്പെടുത്തിക്കൊണ്ടിരുന്നു .

ഒടുവിൽ ... ഞാൻ ആഗ്രഹിക്കാതിരുന്നത് തന്നെ സംഭവിച്ചു ആൾക്കൂട്ടം എന്റെ വീടിനുചുറ്റും തന്നെ... കാലുകൾ പഞ്ഞിക്കെട്ടുകൾ പോലെയായി നടക്കാൻ വയ്യാത്തപോലെ .

അമ്മക്കെന്തെങ്കിലും!! ?രാവിലെ പോകുമ്പോൾ അങ്ങിനെ പറയത്തക്ക പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ലല്ലോ? ഇനി രമണിക്കോ മകനോ അയ്യോ എന്താണ് ? എന്തായിരിക്കും ?

വീടിന്റെ ഉമ്മറത്തെത്തിയപ്പോൾ എന്റെ നിയന്ത്രണം വിട്ട് ഞാൻ വീഴുമെന്ന മട്ടായി ആരൊക്കെയോ എന്നെ താങ്ങിപ്പിടിച്ചു സാമ്പ്രാണിത്തിരിയുടെ പുകയും ആൾക്കൂട്ട മൗനവും എന്റെ തലക്കുള്ളിൽ കടന്നൽ കൂടുപോലെ തോന്നിച്ചു..

ആരാ എന്തു പറ്റി? ഞാൻ സർവ്വശക്തിയും സംഭരിച്ച് ചോദിച്ചു .

ആരോക്കെയോ എന്നെ താങ്ങിപ്പിടിച്ച് വീട്ടിലേക്ക് കയറ്റി.

കോലായിൽ മരപ്പടിയിൽ വെള്ളത്തുണിയിൽ മൂടിക്കിടത്തിയിട്ടുണ്ട്.....

എനിക്ക് കാണണ്ട ...എന്റെ വീട്ടിലെ ആരെയും അങ്ങിനെ കാണാൻ എനിക്കാവില്ല ....
ഉറക്കെ കരയണമെന്ന് തോന്നുന്നു പക്ഷെ വയ്യ തൊണ്ടയുണങ്ങി വരണ്ട് ശബ്ദം മുറിയുന്നു
.

ഒടുവിൽ ആരോ വന്ന് വെള്ളത്തുണി മെല്ലെ മാറ്റി

ഒരു നിമിഷം !!

ശ്വാസം നിലക്കണപോലെ !!അവിടെ ആ വെള്ളത്തുണിക്കടിയിൽ എന്റെ
മനസ്സായിരുന്നു ചത്ത് മലച്ച് കിടന്നത് !!!

എന്റെയല്ല നിന്റെയും ......



ഫാത്തിമ നിഹാല

# നമ്മൾ

എന്റെ കണ്ണുകൾ സംസാരിക്കുന്നത്

എനിക്ക് വേണ്ടിയല്ല,

അത് എന്നും എന്നെ
മനസ്സിലാക്കുന്നവർക്ക് വേണ്ടിയാണ്.

എന്റെ കണ്ണിലെ തിളക്കമറിയാൻ

ഞാൻ പറയണമെന്നില്ല.

എന്നെ മനസ്സിലാക്കിയാൽ

അതിൽ നിന്ന്

വായിച്ചെടുക്കാവുന്നതേയുള്ളൂ....

എന്റെ ദുഃഖം അറിയാൻ,

ഞാൻ ശബ്ദിക്കണമെന്നില്ല,

അത് എന്റെ നിശബ്ദതയിലുമുണ്ട്..

എന്നെ വായിക്കാൻ എന്റെ കണ്ണുകൾ

തന്നെ ധാരാളമാണ്.

നിനക്കതിനു കഴിയുമെങ്കിൽ...

'എനിക്ക് നീയും നിനക്ക് ഞാനും'

എന്നത് വാക്കുകൾ കൊണ്ടല്ല,

മനസ്സ് കൊണ്ട് പറയുമ്പോഴാണ്

ഞാനും നീയും 'നമ്മൾ' ആയി മാറുന്നത്

ഷഫ്ന ഷെറിൻ കെ

# കലാലയം -

## മൃതിയടഞ്ഞ കിനാക്കൾ

സൗഹൃദത്തിന്റെ
ജ്വാലകപ്പഴുതിലൂടെയവർ
വരില്ലെന്നറിഞ്ഞിട്ടുമാരെയോ
കാത്തിരിക്കുന്നു...

കൊഴിഞ്ഞു പോയ
നിമിഷസൂചികളിനിയൊന്നെനിക്കുവേ
ണ്ടി
മടങ്ങിവന്നെങ്കിലെന്നവർ
കിനാവ് കാണുന്നു...

മഴയുടെ താളത്തിനൊത്ത
കൗമാര ചാപല്യങ്ങളും
വേനൽ ചൂടിന്റെ
തീക്ഷണതയോടെത്തുന്ന
പരീക്ഷ കാലവും
ഓർമയിലേക്ക് മറയുന്നു...

നിന്നിലേക്കണയാനായ്
തിടുക്കം കൂട്ടുന്ന
ഒത്തിരി
നഷ്ട ബാല്യങ്ങൾ
ഇനിയെന്നെന്നുള്ള
ചോദ്യത്തിൽ
മരിച്ചു വീണിട്ടുണ്ട്...

നഷ്ടവും ശിഷ്ടവും
ഒത്തുനോക്കിയാലൊ-
രിക്കലുമറ്റമില്ലെന്നാലും
പ്രതീക്ഷയുടെ
മെഴുകുതിരികൾ
പതിയെ കത്തിപ്പിടിക്കുന്നുണ്ട്...

നഷ്ടമാകുന്ന
അറിവനുഭവങ്ങൾ
ഉരുകിയുരുകി
നോവടുപ്പിൽ
വെന്തമരുന്നു...

ഓർമ്മകളെ...
മടക്കമെപ്പോഴെന്ന
തിരിച്ചറിവില്ലാതെയീ
ജഗമൊന്നാകെ
ശൂന്യതയിൽ
മൃതിയടയുന്നു....

✍ഫിദ ഫാത്തിമ. ടി

# കോവിഡ് കാലം

കോവിഡ് നമുക്ക്കുറേ നല്ല പാഠങ്ങൾ പഠിപ്പിച്ചു തന്നു. ഒരിക്കലും നമുക്ക് ഒഴിച്ചുകൂടാൻ ആവില്ല എന്നൊക്കെ നമ്മൾ കരുതിയ കാര്യങ്ങൾ ഒക്കെ നമ്മൾ മാറ്റിവെച്ചു. എല്ലാവരുടെയും ആരോഗ്യം സംരക്ഷിക്കാനായി നമ്മൾ മാസ്കും സാനിറ്റൈസറും ഉപയോഗിച്ചു. മാസങ്ങളോളം വാഹനങ്ങളും, കടകളും, കമ്പികളും, മറ്റ് തൊഴിലുകളും ഇല്ലാതായി. നമ്മൾ വീട്ടിൽ പൂക്കളും പച്ചക്കറികളും ഒക്കെ ഉണ്ടാക്കാൻ തുടങ്ങി. അമ്മയെ പാചകത്തിനും മറ്റ് ജോലിയിലും സഹായിച്ചു. ഇന്റർനെറ്റും ടിവിയും ഒക്കെ വിനോദത്തിന് മാത്രമല്ല വിജ്ഞാനത്തിനും ഉണ്ടെന്ന് മനസ്സിലായി. രാപകൽ ഇല്ലാതെ അധ്വാനിക്കുന്ന പോലീസുകാരും ആരോഗ്യപ്രവർത്തകരും, അവരെ ആദരപൂർവം കാണുകയും ചെയ്തു വീടുകൾ വിദ്യാലയമായി, മാതാപിതാക്കൾ അധ്യാപകരായി, റൂമുകൾ ക്ലാസ് മുറികൾ ആയി, എവിടെയും പഠിച്ചിട്ടില്ലാത്ത കുറെ അനുഭവം കോവിഡ് നമ്മെ പഠിപ്പിച്ചു. കടകൾ ഒക്കെ അടച്ചിട്ടും ലോക്ക് ഡൗൺ ആയിട്ടും നമ്മുടെ വീട്ടിൽ ഭക്ഷണത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എല്ലാവരും സഹായിക്കുകയും പങ്കുവെക്കുകയും ചെയ്തു ഇതുപോലെ ജീവിച്ചാൽ എല്ലാ ക്ഷാമവും നമുക്ക് നേരിടാം, ഏതു വൈറസിനെയും തുരത്താം. അമ്മയുടെ ഭക്ഷണമാണ് പുറത്തുനിന്നു കഴിക്കുന്നതിനേക്കാൾ രുചികരം എന്ന് നാം തിരിച്ചറിഞ്ഞു. വീട്ടുകാരോട് സംസാരിക്കാൻ പോലും സമയം ഇല്ലാത്തവർ കൊവിഡ് കാലത്ത് ഒരുമിച്ചിരുന്ന് സംസാരിക്കാൻ തുടങ്ങി. അങ്ങനെ കുറേ അനുഭവങ്ങൾ ഉണ്ടായി.

നാജിയ ഫാത്തിമ

# ജീവചരിത്രകുറിപ്പ്

**ശ്രീമതി സുഗതകുമാരി ടീച്ചർ**

പ്രശസ്തയായ മലയാള കവിയത്രിയും പ്രകൃതി സംരക്ഷണ പ്രവർത്തകയുമായ ശ്രീമതി സുഗതകുമാരി 1934 ജനവരി 3 ന് ജനിച്ചു. സ്വാതന്ത്ര്യസമരസേനാനിയും കവിയുമായ ബോധേശ്വരന്റെയും കാർ ത്യായനി അമ്മയുടെയും മകളായി ജനിച്ചു.

പ്രധാന കൃതികൾ:
കവിതകൾ :മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ,പ്രണാമം, രാത്രിമഴ, അമ്പലമണി.
ലേഖനം :മേഘം വന്നു തൊട്ടപ്പോൾ, ഉൾച്ചൂട്.
പുരസ്കാരങ്ങൾ :എഴുത്ത ച്ഛൻ പുരസ്കാരം, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്.
ഭർത്താവ് ഡോ:കെ വേലായുധൻ നായർ.
2020 ഡിസംബർ 23 ന് സുഗതകുമാരി ടീച്ചർ ഈ ലോകത്തോട് വിടപറഞ്ഞു.

ഫിദ ഫാത്തിമ കെ കെ

# ചിലത്

ചില സന്ധ്യകൾ ചോർന്നു തുടുക്കാറില്ല...
ചില മുകിൽ മാലകൾ പെയ്തൊഴിയാറില്ല...
ചില രാത്രികൾ നിലാവ് പൊഴി ക്കാറില്ല...
ചില നേരം കാറ്റിനു ചന്ദനഗന്ധ മില്ല
ചില മോഹങ്ങൾ സഫലമാക്കാറില്ല...
ചില നിമിഷങ്ങൾ മനസ്സിൽ നിന്നും മായാറില്ല...
ചില സത്യങ്ങൾ ആരും ഓർക്കാറില്ല...
ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാറില്ല...

നസ്‌ല ഫാത്തിമ



# ഒരു ഇടവേളക്ക് ശേഷം ........

ഇന്ന് വളരെ സന്തോഷം ഉള്ള ദിവസാണെനിക്ക്. കാരണം ഇന്നാണല്ലോ സ്കൂൾ തുറക്കുന്നത്. രണ്ട് വർഷായില്ലേ പൂട്ടിയിട്ട്. കൂട്ടുകാരെയും അധ്യാപകരെയും കുറെ നാളുകൾക്ക് ശേഷം കാണാൻ പോവുകയാണ്. രണ്ട് ബാ ച്ചായിട്ടാ യതുകൊണ്ട് എനിക്ക് ഇന്നാണ്.ഞാൻ ഒന്നാം ബാച്ചിൽ ആണല്ലോ അതുകൊണ്ട്, എല്ലാവരെയും കാണാനൊന്നും കഴിയില്ല. സ്കൂൾ തുറക്കുന്നത് പ്രമാണിച്ച ഇന്നലെ മീറ്റിങ് ഉണ്ടായിരുന്നു അതിൽ സർ പ്രത്യേകം പറഞ്ഞിട്ടുണ്ട് മാസ്ക് നിർബന്ധ മായും ധ രിക്കണം എന്ന്, പോരാതെ വേറൊന്ന് കയ്യിൽ കരുതണമെന്നും പറഞ്ഞട്ടുണ്ട്. പിന്നെ പേന, പെൻസിൽ അങ്ങനെ ഉള്ള എല്ലാം രണ്ടെണ്ണം കരുതണം എന്ന് പറഞ്ഞിട്ടുണ്ട്.

അയ്യോ സമയം പോയതറിഞ്ഞില്ല 'അമ്മേ എന്റെ ഡ്രസ്സ് എവിടെ ' 'അതാ മേശപുറത്ത് തേച്ചുവെച്ചിരിക്കുന്നു ' 'അമ്മേ...' ' എന്താടാ ചീപ്പും അവിടെ ഉണ്ട്, പിന്നെ ബാഗ് അതാ കസേരയിൽ ' ' ആ അമ്മേ അതിൽ എല്ലാം വെച്ചിട്ടുണ്ടല്ലോ ' 'ആ എല്ലാം വെച്ചിട്ടുണ്ട് , വേഗം ചെല്ല് സമയം ആയി ' ' ആ അമ്മേഞാൻ പോവാട്ടോ ' ' ആ മോനെ ക്ലാസ്സ് കഴിഞ്ഞ് വേഗം വരണേ '
'ആ അമ്മേ ഇപ്പം മറന്നേനെ എന്റെ മാസ്ക് '.....

ഫാത്തിമത്തുൻ നാജിയ

# എന്റെ കോവിഡ് കാലം

ഈ കാലം വരെ ഉണ്ടായിരുന്ന വേനൽ കാലങ്ങളെ കാളും വ്യത്യാസമായിരുന്ന 2020-ലെ ഞങ്ങളുടെ അവധിക്കാലം. കൊറോണവൈറസ് ലോകത്ത് മുഴുവനും പടർന്നുപിടിച്ച അതിന്റെ ബുദ്ധിമുട്ടുകൾ ഞങ്ങൾ കുട്ടികളും അനുഭവിച്ചിരുന്നു. കൂട്ടുകാരോടൊപ്പം സ്കൂളിൽ പോകാൻ കഴിയാത്തതും കൂട്ടുകാരോടൊപ്പം കളിക്കാൻ പറ്റാത്തതും ആയ വിഷമം ഞങ്ങൾക്കും ഉണ്ടായിരുന്നു . മരണവീടുകളിൽ പോലും പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു. അടുത്ത കുടുംബക്കാരുടെ വീടുകളിൽ പോകാൻ പറ്റാത്ത വളരെ വിഷമകരമായ ഒരു വൈറസ് ആയിരുന്നു കൊറോണ.

അതെല്ലാം മറി കടന്ന് നമ്മൾ സ്കൂളിൽ പോകാൻ തുടങ്ങി അപ്പോൾ വീണ്ടും ഒമി ക്രോൺ വന്നു അതെല്ലാം നമ്മൾ മറികടന്നു . ഇപ്പോഴും കൊറോണ വൈറസ് നമ്മളെ വിട്ടു പോയിട്ടില്ല ഇപ്പോഴും ലോകം ചുറ്റി കൊണ്ടിരിക്കുകയാണ്. അതിനെ അടക്കി നിർത്താൻ നാം ഹെൽത്ത് കാർ പറയുന്നതുപോലെ വാക്സിനേഷൻ എടുത്തും സാനിറ്റൈസർ ഉപയോഗിച്ചും നമ്മൾ പൊരുതണം.

**അസറുദ്ധീൻ സി കെ**

അക്കാലം വരെയുണ്ടായിരുന്ന വേനൽകാലങ്ങളെക്കാൾ വളരെ വ്യത്യസ്തമായിരുന്നു 2020 ലെ ഞങ്ങളുടെ അവധിക്കാലം. കൊറോണ വൈറസ് ലോകമാകെ പടർന്നുപിടിച്ചതിന്റെ ബുദ്ധിമുട്ടുകൾ ഞങ്ങൾ കുട്ടികളും അനുഭവിക്കുന്നുണ്ടായിരുന്നു. സ്കൂളിൽ പോകാൻ കഴിയാതിരിന്നതിന്റെയും കൂട്ടുകാരോടൊപ്പം കളിക്കാൻ സാധിക്കാത്തതിന്റെയും വിഷമവും ഞങ്ങൾക്ക് ഉണ്ടായിരുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ ഞങ്ങൾ കുട്ടികളുടെ മാനസികാസന്തോഷം വീണ്ടെടുക്കാനായാണ് അച്ഛനും അമ്മയും കുറച്ചു വിജ്ഞനമായ വഴിയിൽക്കൂടി സായാഹ്ന സവാരിക്കിറങ്ങാം എന്ന ആശയം മുന്നോട്ടു വച്ചത്. വലിയ താല്പര്യത്തോടെയെല്ലെങ്കിലും ആ തീരുമാനത്തോട് ഞങ്ങളും യോജിച്ചു. അങ്ങനെ വൈകുന്നേരമായപ്പോൾ ഞാൻ എന്റെ കുടുംബത്തോടൊപ്പം നടക്കാനിറങ്ങി കുറച്ചു ദൂരം കഴിഞ്ഞപ്പോൾ ഞങ്ങൾ ഒരു കാഴ്ച കണ്ടു. കുറച്ചു തെരുവുനായികൾ വഴക്കുണ്ടാക്കുന്നു. "അവിടെ നിൽക്കു ". ഇനി തിരിച്ചുപോകാം. അച്ഛൻ പറഞ്ഞു. തിരികെ വീട്ടിലേക്കു നടക്കുമ്പോൾ അച്ഛൻ പറഞ്ഞു. ആ നായ്ക്കൾക്കു ആഹാരമൊന്നും ലഭിക്കുന്നില്ല. അതുകൊണ്ടാണ് അവ വഴക്കുണ്ടാക്കുന്നത്. അടുത്ത ദിവസം നടക്കാനിറങ്ങുമ്പോൾ രണ്ട് മൂന്നു പാക്കറ്റ് ബ്രഡ് കൂടി എടുക്കാൻ ഞങ്ങൾ മറന്നില്ല. പ്രതീക്ഷിച്ച പോലെത്തന്നെ അന്നും വിശന്നുവലഞ്ഞ തെരുവ് നായ്ക്കൾ ബഹളം വയ്ക്കുന്നുണ്ടായിരുന്നു ഞങ്ങൾ കരുതിയിരുന്ന റൊട്ടി കഷ്ണങ്ങൾ അച്ഛൻ അവയ്ക്കു കൊടുത്തു. എല്ലാം ആർത്തിയോടെ കഴിച്ചുകഴിഞ്ഞ് ഞങ്ങളെ നോക്കി നന്ദിയോടെ വാലാട്ടി. പിന്നെ എല്ലാ ദിവസവും ഇതൊരു പതിവായി. കൂടാതെഞങ്ങളുടെ എല്ലാ വിരസതയും മാറി. ഓരോ ദിവസവും വൈകുന്നേരമക്കുവാൻ വേണ്ടി കാത്തിരിപ്പായി.

**മുഹമ്മദ് അനസ് എം എ**

# ഒ എൻ വി കുറുപ്പ്


**ലഘു കുറിപ്പ്**

മലയാളംത്തിലെ പ്രശസ്ത കവി ആയിരുന്നു ഒ എൻ വി കുറുപ്പ്. 1931 മെയ് 27 ന് കൊല്ലം ജില്ലയിലെ ചവറയിൽ ഒ എൻ കൃഷ്ണ കുറുപ്പിന്റെയും ലക്ഷ്മി കുട്ടി അമ്മയുടെയും മകനായി ഒ എൻ വി ജനിച്ചു. ഒ എൻ വി കുറുപ്പിന്റെ പൂർണ നാമം ഒറ്റപ്ലാക്കൽ നീല കണ്ടൻ എന്നാണ്.1957 മുതൽ എറണാകുളം മഹാരാജാസ് കോളെ ജിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.തുടർന്ന് 25 വർഷംക്കാലം നിരവധി യൂണിവേഴ്സ്റ്റി കോളെജുകളിൽ മലയാളം വിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു.

കേരള കലമണ്ഡലത്തിലെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.കൂടാതെ നാടക ചലച്ചിത്ര ഗാന മേഖലകളിലും ഒ എൻ വി സംഭാവന മഹത്താണ് സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച് 2007 ലെ ജ്ഞാനപീഢ പുരസ്കാരം 2010 ൽ ലഭിച്ചു.നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

അഗ്നി ശലഭം, ഭൂമിക്കൊരു ചരമ ഗീതം, ഉപ്പ്, വളപ്പൊട്ടുകൾ, മരുഭൂമി, സ്വയം വരം, നാലുമണി പൂക്കൾ, മയിൽ പീലി, അക്ഷരം എന്നിവ ഒ എൻ വി കുറുപ്പിന്റെ പ്രധാന കൃതികളാണ്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരംത് അന്തരിച്ചു.

**മുഫീദ ഷെറിൻ വി**



# കുഞ്ഞുണ്ണി മാഷ്

**ജീവചരിത്ര കുറിപ്പ്**

1927 മെയ് 10 ന് തൃശ്ശൂർ ജില്ലയിൽ വലപ്പാട്ട് അതിയാരത്ത് ഞയപ്പള്ളി ഇല്ലത്തെ നില കഷ്ണൻ മൂസ തിന്റെയും അതിയാത്തു നാരായണ അമ്മയുടെയും മകനായി ജനിച്ച ചൊളെരി ഹൈസ്കൂളിൽ അധ്യാപകനായി തന്റെ ഔദ്യേ തിക ജീവിതം ആരംഭിച്ച കുഞ്ഞുണ്ണി മാഷ് തന്റെ ജീവിതത്തിന്റെ നല്ലൊരു ഭാഗവും കോഴിക്കോട്ടാണ് ചിലവഴിച്ചത് 1953-ൽ കോഴിക്കോട് ശ്രീരാമകൃഷ്ണ മിഷൻ ഹൈസ്കൂൾ അദ്ധ്യാപകനായി ചേർന്നു 1982 ൽ അദ്ധ്യാപ രംഗത്ത നിന്നും വിരമിച്ച 1987-ൽ സ്വദേശമായ വല്ലപ്പാട്ടേക്ക് തിരിച്ച പോവുകയും തൃശ്ശൂരി സമൂഹ്യ സാം സ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടകയും ചെയ്തു കുഞ്ചൻ നമ്പ്യാർ ടെ ഭാക്ഷാ ർ ത്തമാണ് കട്ടി കാലത്ത് ഏറെയും വായിച്ചത് കുഞ്ചൻ നമ്പ്യാർ ടെ തുള്ളർ കൃതികളായിരുന്നു സ്കൂൾ വിദ്യാർത്തി ആയിരുന്ന സമയത്ത് തുള്ളൽ കഥകൾ എഴുതി സ്വയം അവതരിപ്പിച്ചിരുന്നു പത്താം തരം കഴിഞ്ഞ സമയത്ത് യുഗ പ്രബഞ്ചം എന്ന തുള്ളൽ എഴുതി കവിയായി അറിയപ്പെട്ട് ഉടങ്ങി കുഞ്ഞുണ്ണി മാഷ് ഏറ്റവും അധികം കാലം ഭക്തി എഴുത്ത് നടത്തിയത് മലർവാടി എന്ന കുട്ടിയുടെ മാസികയിൽ ആയിരുന്നു മാത്ര ഭ്രമി ആഴ്ചപ്പതിപ്പിന്റെ ബാലപക്തിയിൽ കുട്ടേട്ടൻ എന്ന പെരിൽ എഴുതിയിരുന്നു മലയാളത്തിൽ പല എഴുത്ത് കാരെയും കൈപ്പിടിച്ച് വളർത്തി കൊണ്ട് വന്നത് കുഞ്ഞുണ്ണി മാഷ് ആണ് തന്റെ പൊക്കം ഇല്ലായ്മയെ കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു പൊക്കം ഇല്ലായ്മയാണ് എന്റെ പൊക്കം കമ്മൽ സമ്മാനം ചെയ്യ്ത ഭ്രമിഗീതം എന്ന ചലചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട് ഒരു ചിത്രകാരനും ആയിരുന്നു അദ്ദേഹം കുട്ടിക്കും മുതിർന്ന വർക്കും മായി ഒട്ടെറെ കവിതകൾ അദ്ദേഹം രജിച്ച

പ്രധാന കൃതികൾ

അക്ഷര തെറ്റ്
അമൃത കഥകൾ
ഊൺ തൊട്ട് ഉറക്കം വരെ
കുഞ്ഞുണ്ണി കഥകൾ
കുറ്റി പെൻസിൽ
കുട്ടേട്ടന്റെ കുറിപ്പുകൾ

# കവിതകൾ

## പുള്ളി പൂമ്പാറ്റ

പാറിപ്പാറി  പറന്ന്  നടക്കും
പുള്ളി  പൂമ്പാറ്റ
പൂവു
കൾ തോറും ചുറ്റി നടക്കും പുള്ളി പൂമ്പാറ്റ
പൂമ്പൊടി യാകെ  വാരി  വിതറും  പുള്ളി പൂമ്പാറ്റ
പൂവിലി രുന്ന്  പൂന്തേൻ
കുടിക്കും  പുള്ളി പൂമ്പാറ്റ
പൂക്കളിൽ തൊട്ട്   ഞൊട്ടി
രസിക്കും  പുള്ളി പൂമ്പാറ്റ
പലപല  കളറായ്   പലതരമുണ്ട് പുള്ളി പൂമ്പാറ്റ
പലപല ദേശ o  ചുറ്റി  കറങ്ങും
പുള്ളി പൂമ്പാറ്റ

## രണ്ടക്ഷരം

ആദ്യമായി എന് ചുണ്ടിൽ വിരിഞ്ഞ..
കരുണ തൻ കേദാരം..
അമ്മ എന്ന രണ്ടക്ഷര ബലത്തിനാൽ..
ഭൂമിയിൽ പിറന്നു വീണവൻ ഞാൻ..
പാദം മൺമണത്തെ നാൾ മുതൽ..
എന്നിലെ വാത്സല്യ സാഗരം എനിക്കു വഴി കാട്ടി..
ഗുരുനാഥ എന്ന സ്ഥാനത്ത്..
ഞാൻ ആദ്യമിരുത്തി പൂജിച്ചവൾ..
എന്നിലെ അക്ഷരത്തിൽ ആദ്യശാല..
സ്വപ്നലോകത്തേയ്ക്ക് എന്നെ ആനയിച്ചവൾ..
എന്നിലെ തിന്മകൾ വിളിക്കു നീ..
നന്മതൻ വഴി തെളിച്ചവൾ..
ഒറ്റ പെടുത്തുമ്പോൾ ചേർത്തണച്ച നെഞ്ച്..
ഇന്നും എൻ നെഞ്ചിൽ ചെറു പുഞ്ചിരി വിതറി..
അവൾ എനിക്കു വഴി  കാ ട്ടുന്നു..
സ്നേഹത്തിന്റെ അറിവിന്റെ വഴികൾ

# താളുകളിലൂടെ ...

2019-22 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അസൈൻമെൻറിൻെറ (ഓൺലൈൻ സെമിനാർ) മുന്നൊരുക്കം













2019-22 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മറ്റ് കുട്ടികൾക്ക് നൽകുന്ന പരിശീലനം









## അമ്മ അറിയാൻ
## അമ്മമാർക്കുള്ള സൈബർ സുരക്ഷാ പരിശീലനം





















2019-22 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം









## 2020–23 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ വിവിധ പരിശീലന ക്ലാസുകൾ













SSLC പരീക്ഷയിൽ മികച്ച വിജയം നേടിയ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്കുള്ള സ്നേഹോപഹാരം








ടീം കുറുമ്പാല





# നന്ദി

നിങ്ങളുടെ നല്ല വാക്കുകൾക്ക്,

വിമർശനങ്ങൾക്ക്.......

നല്ല നിർദ്ദേശങ്ങൾക്ക്......

ലിറ്റിൽ കൈറ്റ്സ് 2020-23 ബാച്ച്

ജി എച്ച് എസ്  കുമ്പാല

വയനാട്

littlekites15088@gmail.com